DESPATCHED On....19/02/22
16/2/22

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No. 1626(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ: 14374/SIC-G4/2021)**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**
**തീയതി : 2022 ഫെബ്രുവരി 16**

ശ്രീ. രാജേന്ദ്രൻ പി.വി.,
“രാം”,
ചിറയ്ക്കൽ പി.ഒ.,
കണ്ണൂർ – 5670 011.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ചിറക്കൽ ഗ്രാമപഞ്ചായത്ത് ആഫീസ്,
ചിറക്കൽ പി.ഒ., കണ്ണൂർ – 670 011.

2) അപ്പീൽ അധികാരി &
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
കണ്ണൂർ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 03/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 07/09/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 13/09/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 04/10/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 30/10/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 06/11/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി<br>കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 22/11/2021<br>07/12/2021 |
| ഹിയറിംഗ് നടന്ന തീയതി | 15/02/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി -ആഡിയോ<br>ഹാജരായി |

## ഉത്തരവ്

ശ്രീ. രാജേന്ദ്രൻ പി.വി., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ചിറക്കൽ പഞ്ചായത്തിൽ ആർപ്പാംതോട് വാർഡിൽ സ്ഥിതി ചെയ്യുന്ന CP XIX/484 & 485 നമ്പർ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയ വിവരങ്ങൾ പ്രത്യേകം പ്രത്യേകം അനുവദിച്ചു നൽകണമെന്നും, വസ്തു നികുതി, കെട്ടിട നികുതി രജിസ്റ്ററിൽ വന്ന തെറ്റുകൾ തിരുത്തിയ ശേഷമുള്ള രേഖകളുടെ

കോപ്പികൾ അനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് അപേക്ഷയിൽ ആവശ്യപ്പെട്ട കെട്ടിടത്തിന്റെ കാലപ്പഴക്കം, വിസ്തീർണ്ണം എന്നിവ വ്യക്തമാക്കാതെയും, സാക്ഷ്യപ്പെടുത്താതെയും കാലതാമസം വരുത്തിയുമാണ് മറുപടി നൽകിയതെന്നുമാണ്.

2. മേൽപ്പടി അപേക്ഷയ്ക്ക് 07.09.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട സി.പി.19/484, 485 എന്നീ നമ്പർ കെട്ടിടത്തിന്റ വസ്തുനികുതി നിർണ്ണയ വിവരങ്ങളുടെ പകർപ്പ് നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ ടി കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ തിരുത്തൽ വരുത്താതെയും തെറ്റായും, സാക്ഷ്യപ്പെടുത്താതെയുമാണ് നൽകിയതെന്നും, കെട്ടിടത്തിന്റെ പഴക്കവും, വിസ്തീർണ്ണവും തിരുത്തൽ വരുത്താതെ നൽകിയെന്നും ആക്ഷേപം ഉന്നയിച്ചുകൊണ്ട് ഹർജിക്കാരൻ 13.09.2021 തീയതി സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി 04.10.2021–ന് പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ, സി.പി.11/484, 485 കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തിയത് തിരുത്തിയ ശേഷം നൽകാനാണ് ആവശ്യപ്പെട്ടതെങ്കിലും വിവരാവകാശ നിയമപ്രകാരം ലഭ്യമായ വിവരം തെറ്റ് തിരുത്താത്ത രേഖയാണെന്നും, തെറ്റായ രേഖപ്പെടുത്തലാണെന്ന് അറിഞ്ഞുകൊണ്ട് തന്നെ ദുരുദ്ദേശപരമായി തെറ്റായ രേഖ വിവരാവകാശ നിയമപ്രകാരം നൽകുന്ന രേഖ എന്ന് സാക്ഷ്യപ്പെടുത്തലുകളില്ലാതെയും കെട്ടിടത്തിന്റെ പഴക്കവും വിസ്തീർണ്ണവും തെറ്റായി രേഖപ്പെടുത്തിയതിൽ തിരുത്തൽ വരുത്താതെ നൽകിയെന്നാണ് ആക്ഷേപം ഉന്നയിച്ചിരിക്കുന്നതെന്നും കൂടാതെ കോടതി ആവശ്യത്തിലേക്ക് എന്ന രേഖപ്പെടുത്തലും പകർപ്പുകളിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും ആയതിനാൽ സി.പി.11/484, 485 കെട്ടിടങ്ങളുടെ തെറ്റു തിരുത്തിയ രേഖ ലഭ്യമാക്കണമെന്നുമാണ് അപ്പീൽ ഹർജിയിൽ ആവശ്യപ്പെട്ടിട്ടുള്ളതെന്നും ചിറക്കൽ ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ. ഹർജിക്കാരൻ ആവശ്യപ്പെട്ട മേൽപ്പടി കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ വിവരങ്ങളുടെ പകർപ്പ് സൗജന്യമായി നൽകിയതായി കാണുന്നു എന്നും എസ്.പി.ഐ.ഒ. മേൽ അപ്പീൽ ഹർജിയിന്മേൽ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം സി.പി.11/484, 485 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ തിരുത്തി ലഭിക്കുന്നതിനായി ശ്രീ. രാജേന്ദ്രൻ പി.വി. നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ, എ.ഇ., എൽ.എസ്.ജി.ഡി.യുടെ റിപ്പോർട്ടിന് വിധേയമായി വസ്തു നികുതി ഡാറ്റ പ്യൂരിഫിക്കേഷനിൽ മാറ്റം വരുത്തുകയും ആയതു പ്രകാരമാണ് ഹർജിക്കാരന് വിവരം ലഭ്യമാക്കിയതെന്നും സാങ്കേതിക വിഭാഗത്തിന്റെ പരിശോധന

റിപ്പോർട്ടിന് അനുസൃതമായിട്ടാണ് വസ്തു നികുതി പുനർ നിർണ്ണയിച്ചതെന്നും ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ശ്രീ. രാജേന്ദ്രൻ 3.8.2021 തീയതിയായി ചിറക്കൽ ഗ്രാമപഞ്ചായത്തിൽ നൽകിയ വിവരാവകാശ അപേക്ഷ സമയബന്ധിതമായി തീർപ്പാക്കി നൽകുന്നതിൽ എസ്.പി.ഐ.ഒ.യ്ക്ക് അപാകത സംഭവിച്ചിട്ടുണ്ടെന്നും ഹർജിക്കാരൻ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലെ തിരുത്തലിന് നൽകിയ അപേക്ഷയിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം വിവരം നൽകുന്നതിന് ശ്രമിച്ചതിനാലാണ് ടി അപാകത സംഭവിച്ചതെന്നും വിവരാവകാശ അപേക്ഷയ്ക്ക് സമയപരിധിക്കകം വിവരങ്ങൾ നൽകാത്തതിനാൽ ഹർജിക്കാരന് ആവശ്യപ്പെട്ട പകർപ്പുകൾ സൗജന്യമായി എസ്.പി.ഐ.ഒ. അനുവദിച്ചിട്ടുണ്ടെന്നും വിവരം സൃഷ്ടിച്ച് നൽകുക, തിരുത്തൽ വരുത്തി നൽകുക എന്നിവയൊന്നും വിവരാവകാശ നിയമത്തിൽ അനുശാസിക്കുന്നില്ലെന്നും ലഭ്യമായ വിവരങ്ങൾ, സമയപരിധിക്കകം നൽകണമെന്ന് എസ്.പി.ഐ.ഒ.യ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

3. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ. രാജേന്ദ്രൻ പി.വി., 3.8.2021-ന് അയച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട CP XIX/ 484 & 485 നമ്പർ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചത് സംബന്ധിച്ച വിവരങ്ങൾ 7.9.2021-ന് ടിയാന് സൗജന്യമായി ലഭ്യമാക്കിയിട്ടുണ്ടെന്നും മേൽ അപേക്ഷയിൽ ടിയാൻ ആവശ്യപ്പെട്ടത് അനുസരിച്ച് മേൽ കെട്ടിടങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ, LI & EW സെക്ഷൻ, ചിറക്കൽ എന്നവർ സ്ഥലപരിശോധന നടത്തി ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിൽ സഞ്ചയ വസ്തു നികുതി നിർണയ സോഫ്റ്റ് വെയറിൽ അപാകതകൾ പരിഹരിച്ച് തന്നെയാണ് നൽകിയിട്ടുള്ളതെന്നും സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളുടെ (വിസ്തീർണ്ണം, കാലപ്പഴക്കം ഉൾപ്പെടെ) ഹാർഡ് കോപ്പി തന്നെയാണ് ടിയാൾക്ക് നൽകിയിട്ടുള്ളതെന്നും ബോധപൂർവ്വമോ അല്ലാതെയോ വിവരങ്ങൾ മറച്ചു വെക്കുകയോ നൽകാതിരിക്കുകയോ ചെയ്തിട്ടില്ലെന്നും പകർപ്പുകളിൽ വിവരാവകാശ നിയമപ്രകാരം നൽകുന്നത് എന്ന രേഖപ്പെടുത്തൽ വിട്ടു പോയിട്ടുണ്ടെങ്കിലും എസ്.പി.ഐ.ഒ.യുടെ സീൽ പതിച്ച് ആധികാരികമാക്കി തന്നെയാണ് പകർപ്പുകൾ അനുവദിച്ചിട്ടുള്ളതെന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ചിറക്കൽ ഗ്രാമ പഞ്ചായത്ത് സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ 29.9.2021 തീയതിയായി ലഭ്യമാക്കിയ അപ്പീൽ ഹർജിയിന്മേലുള്ള റിപ്പോർട്ടും മറ്റ് ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ, വിവരാവകാശ നിയമം സെക്ഷൻ 7(1) പ്രകാരം

സമയബന്ധിതമായി തീർപ്പാക്കി വിവരം നൽകുന്നതിൽ എസ്.പി.ഐ.ഒ.യ്ക്ക് അപാകത സംഭവിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിരുന്നുവെന്നും ഹർജിക്കാരൻ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലെ തിരുത്തലിന് നൽകിയ അപേക്ഷയിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയ ശേഷം വിവരം നൽകുന്നതിന് ശ്രമിച്ചതിനാലാണ് പ്രസ്തുത അപാകത സംഭവിച്ചതെന്ന് കാണുന്നുവെന്നും വിവരം സമയബന്ധിതമായി നൽകുന്നതിൽ വീഴ്ച വന്നതിനാൽ ഹർജിക്കാരന് ആവശ്യപ്പെട്ട പകർപ്പുകൾ സൗജന്യമായി എസ്.പി.ഐ.ഒ. അനുവദിച്ചിട്ടുണ്ടെന്നും എന്നാൽ ഹർജിക്കാരന് നൽകിയ വിവരത്തിൽ അപ്പീൽ നൽകുന്നതിനുള്ള കാലപരിധിയും, നൽകിയ പകർപ്പുകളിൽ "വിവരാവകാശ നിയമ പ്രകാരം നൽകുന്ന പകർപ്പ്" എന്ന രേഖപ്പെടുത്തൽ വരുത്തിയിരുന്നില്ലെന്നും എന്നാൽ എസ്.പി.ഐ.ഒ.യുടെ സീൽ പതിച്ച് ഒപ്പ് രേഖപ്പെടുത്തിയ പകർപ്പ് തന്നെയാണ് ഹർജിക്കാരന് അനുവദിച്ചിട്ടുള്ളതെന്നും സി.പി.11/484, 485 കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയ വിവരങ്ങൾ തിരുത്തി ലഭിക്കുന്നതിനായി ശ്രീ. രാജേന്ദ്രൻ പി.വി., എന്നിവർ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ, എ.ഇ., എൽ.എസ്.ജി.ഡി.യുടെ റിപ്പോർട്ടിന് വിധേയമായി വസ്തു നികുതി ഡാറ്റ പ്യൂരിഫിക്കേഷനിൽ മാറ്റം വരുത്തുകയും ആയത് പ്രകാരമാണ് ഹർജിക്കാരന് വിവരം ലഭ്യമാക്കിയിട്ടുള്ളതെന്നും സാങ്കേതിക വിഭാഗത്തിന്റെ പരിശോധന റിപ്പോർട്ടിന് അനുസൃതമായിട്ടാണ് വസ്തു നികുതി പുനർ നിർണ്ണയിച്ചിട്ടുള്ളതെന്ന് എസ്.പി.ഐ.ഒ. റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള ഹർജിക്കാരന്റെ അപേക്ഷ തീർപ്പാക്കിയ ശേഷം വിവരം നൽകുന്നതിന് ശ്രമിച്ചതിനാലാണ് കാലതാമസം നേരിട്ടതെന്നും വിവരാവകാശ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ ജാഗ്രത പുലർത്തുന്നതിനും, നൽകുന്ന മറുപടിയിൽ, അപ്പീൽ കാലാവധി വ്യക്തമാക്കി നൽകുന്നതിനും കർശന നിർദ്ദേശം എസ്.പി.ഐ.ഒ.ക്ക് നൽകിയാണ് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ 3.8.2021-ന് നൽകിയ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട CP XIX/ 484 & 485 നമ്പർ കെട്ടിടങ്ങളുടെ തെറ്റു തിരുത്തിയ രേഖ സാക്ഷ്യപ്പെടുത്തി നൽകിയില്ല, അപേക്ഷയ്ക്ക് കാലതാമസം വരുത്തി മറുപടി നൽകി എന്നിവയാണ് ഹർജിക്കാരന്റെ ആക്ഷേപം എന്ന് കാണുന്നു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതല. അപേക്ഷകൻ ആവശ്യപ്പെടുന്ന വിധത്തിൽ ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് നൽകണമെന്ന ആവശ്യം വിവരാവകാശ നിയമപ്രകാരം

അംഗീകരിക്കത്തക്കതല്ല. ഇക്കാര്യത്തിൽ പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ കൈവശമുള്ള രേഖകളാണ് ഹർജിക്കാരന് ഒന്നാം എതിർകക്ഷി ലഭ്യമാക്കിയിട്ടുള്ളത് എന്നതിനാൽ മന:പ്പൂർവ്വം വിവരം നിഷേധിച്ചതായോ തെറ്റായ വിവരം നൽകിയതായോ കാണുന്നില്ല. വസ്തു നികുതി നിർണ്ണയ രജിസ്റ്ററിലെ തിരുത്തലിന് നൽകിയ അപേക്ഷയിലെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷം വിവരം നൽകുന്നതിന് ശ്രമിച്ചതിനാലാണ് കുറഞ്ഞ ദിവസത്തെ കാലതാമസം മറുപടി നൽകുന്നതിൽ നേരിട്ടതെന്നും ആയതിനാൽ തന്നെ പകർപ്പ് ഫീ ഈടാക്കാതെ സൗജന്യമായി ഹർജിക്കാരന് രേഖകൾ നൽകിയിട്ടുള്ളതായും കാണുന്നു. എന്നാൽ ഹർജിക്കാരന് നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിലാസം ചേർത്തിരുന്നുവെങ്കിലും അപ്പീൽ കാലാവധി രേഖപ്പെടുത്താതിരുന്നതും, പകർപ്പുകൾ സാക്ഷ്യപ്പെടുത്തി നൽകാതിരുന്നതും വിവരാവകാശ നിയമപ്രകാരം ശിക്ഷാർഹമാണ്. ആയതിനാൽ വിവരാവകാശ അപേക്ഷകൾ ഭാവിയിൽ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. വിവരാവകാശ നിയമ പ്രകാരം നൽകിയ മറുപടിയിലും ടിയാന്റെ അപേക്ഷയിൽ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയിച്ചതിലും ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ ഒന്നാം എതിർകക്ഷി മുമ്പാകെ ടി വിഷയവുമായി ബന്ധപ്പെട്ട് വീണ്ടും ഒരു അപേക്ഷ ഹർജിക്കാരൻ സമർപ്പിക്കുകയാണെങ്കിൽ ആയത് പരിഗണിച്ച് ടിയാന്റെ സാന്നിദ്ധ്യത്തിൽ ഒരിക്കൽ കൂടി സ്ഥലപരിശോധന നടത്തി വസ്തുനികുതി നിർണ്ണയിച്ചതിലുള്ള അപാകത പരിഹരിക്കുന്നതിനുള്ള എല്ലാ നടപടികളും, കമ്മീഷൻ മുമ്പാകെ ഹിയറിംഗ് വേളയിൽ ഉറപ്പ് നൽകിയ പ്രകാരം, ഒന്നാം എതിർകക്ഷി സമയബന്ധിതമായി സ്വീകരിക്കണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 16-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി